**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 2889/2021/ധന. തീയതി, തിരുവനന്തപുരം, 25.03.2021**

പരാമർശം :-
1) സ. ഉ. (സാധാ)നം.5413/2020/ധന. തീയതി 22/09/2020.
2) സ. ഉ. (സാധാ)നം. 6116/2020/ധന. തീയതി 27.10.2020.
3) സ. ഉ. (സാധാ)നം.6842/2020/ധന. തീയതി 24/11/2020.
4) സ. ഉ. (സാധാ)നം. 7464/2020/ധന. തീയതി 23/12/2020.
5) സ. ഉ. (സാധാ)നം. 653/2021/ധന. തീയതി 25/01/2021.
6) സ. ഉ. (എം എസ്)നം.03/2021/ധന. തീയതി 05/01/2021.
7) സ.ഉ. (സാധാ)നം.1763/2021/ധന. തീയതി 25.02.2021.
8) സ.ഉ. (സാധാ)നം.2788/2021/ധന. തീയതി 23.03.2021.
9) സ.ഉ. (എം.എസ്)നം. 16/2021/ധന. തീയതി 03/02/2021.
10) സ.ഉ. (എം.എസ്)നം. 18/2021/ധന. തീയതി 08/02/2021.
11) പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നം പി.എ.എൻ/1312/2021/ഡിബിടി2(ഡി.പി) തീയതി 24.03.2021.

**ഉത്തരവ്**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2021 മാർച്ച് മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ സൂചന (8) പ്രകാരം അനുവദിച്ചിട്ടുണ്ട്. സൂചന (9)-ലെ ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ തുക 2021 ഏപ്രിൽ മുതൽക്ക് 1600/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും, സൂചന (10)-ലെ ഉത്തരവ് പ്രകാരം വിഷു പ്രമാണിച്ച് 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷനുകൾ ഏപ്രിൽ 14-നു മുൻപ് വിതരണം ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്.

2. പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിന് 10 പ്രവൃത്തിദിവസങ്ങളെങ്കിലും അനിവാര്യമാണ്. 2021 ഏപ്രിൽ മാസത്തെ പെൻഷൻ മാർച്ച് 27 മുതൽ തന്നെ ആരംഭിച്ചാൽ മാത്രമേ വിഷുവിനു മുൻപായി ഗുണഭോക്താക്കൾക്ക് പെൻഷൻതുക ലഭിയ്ക്കുകയുള്ളൂ. അപ്രകാരം 4726349

ഗുണഭോക്താക്കൾക്ക് 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 1600/- രൂപ നിരക്കിൽ നൽകുന്നതിന്, ആവശ്യമായ തുകയായ 721,49,97,100/- രൂപ (എഴുന്നൂറ്റി ഇരുപത്തൊന്ന് കോടി നാല്പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (11) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ 4726349 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ആകെ 721,49,97,100/- രൂപ (എഴുന്നൂറ്റി ഇരുപത്തൊന്ന് കോടി നാല്പത്തൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയേഴായിരത്തി നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

4. 2021 ഏപ്രിൽ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് ആവശ്യമായ തുകയിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ തുകയായ 368,43,17,600 /- രൂപ (മുന്നൂറ്റി അറുപത്തിയെട്ട് കോടി നാല്പത്തിമൂന്ന് ലക്ഷത്തി പതിനേഴായിരത്തി അറുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028)), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ തുകയായ 353,06,79,500 /- രൂപ (മുന്നൂറ്റി അമ്പത്തിമൂന്ന് കോടി ആറ് ലക്ഷത്തി എഴുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001), കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും, ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തിന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ

അവശേഷിക്കുന്ന തുക 28.04.2021-നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ (കേരള ബാങ്ക്) ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

5. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ എല്ലാവിധ മുൻകരുതലുകളും എടുത്താണ് പെൻഷൻ വിതരണം നടത്തുന്നതെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

6. പെൻഷൻ വിതരണം 27.03.2021 മുതൽ ആരംഭിക്കേണ്ടതും 13.04.2021 നകം പൂർത്തീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ/ സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

**അനുബന്ധം**

2021 **ഏപ്രിൽ മാസത്തെ പെൻഷൻ വിതരണത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ**

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | ബാങ്ക് (രൂപ) | | ഡയറക്റ്റ് ടു ഹോം (രൂപ) | | ആകെ (രൂപ) | |
|---|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 134406 | 203491600 | 150149 | 226036400 | 284555 | 429528000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 15793 | 25006800 | 19551 | 30894600 | 35344 | 55901400 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 64637 | 101601200 | 64027 | 100504200 | 128664 | 202105400 |
| | കർഷക തൊഴിലാളി പെൻഷൻ | 6449 | 10215400 | 17357 | 27378200 | 23806 | 37593600 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3706 | 5779600 | 5518 | 8614800 | 9224 | 14394400 |
| | **ആകെ** | **224991** | **346094600** | **256602** | **393428200** | **481593** | **739522800** |

| | | | | | | | |
|---|---|---|---|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 117882 | 178270200 | 52267 | 80051200 | 170149 | 258321400 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 16163 | 25569800 | 6430 | 10178000 | 22593 | 35747800 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 72841 | 112856600 | 21315 | 33411000 | 94156 | 146267600 |
| | കർഷക തൊഴിലാളി പെൻഷൻ | 2325 | 3672000 | 1578 | 2498800 | 3903 | 6170800 |
| | 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 5046 | 7864600 | 2880 | 4497000 | 7926 | 12361600 |
| | **ആകെ** | **214257** | **328233200** | **84470** | **130636000** | **298727** | **458869200** |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1075412 | 1592503200 | 997740 | 1490763000 | 2073152 | 3083266200 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 159681 | 252954600 | 173695 | 274876000 | 333376 | 527830600 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 589169 | 919406400 | 505661 | 789844300 | 1094830 | 1709250700 |
| | കർഷക തൊഴിലാളി പെൻഷൻ | 128668 | 201092800 | 250106 | 392422600 | 378774 | 593515400 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 28248 | 44032800 | 37649 | 58709400 | 65897 | 102742200 |
| | **ആകെ** | **1981178** | **3009989800** | **1964851** | **3006615300** | **3946029** | **6016605100** |
| **ആകെ മൊത്തം** | | **2420426** | **3684317600** | **2305923** | **3530679500** | **4726349** | **7214997100** |